# പള്ളികഥകൾ

മിനികഥകൾ എഴുപത്തി നാല് ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, ഇൻന്ത്യയ്ക്കു വെളിയിലുള്ള ഒരു വലിയ രാജ്യത്തിലെ ചെറിയ ഒരു ഗ്രാമത്തിൽ നടന്ന സംഭവമാണ് ഇപ്പോൾ പറയാൻ പോകുന്നത്.

## അച്ചാമ്മ കൊച്ചമ്മ

ചെറിയാൻ അച്ചൻ പട്ടം ഏൽക്കുന്നതിന് മുൻപ് വിവാഹം കഴിക്കണമെന്നാണാണ് വീട്ടുകാർ ആഗ്രഹിച്ചത്. പെണ്ണും പിടക്കോഴിയും പ്രാരാബ്ദങ്ങളൊന്നുമില്ലാതെ കഴിയണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ വീട്ടുകാർ അത് സമ്മതിച്ചില്ല. അങ്ങിനെ വിവാഹം കഴിക്കാൻ അദ്ദേഹം നിബ്ന്ധിതനായി.

അച്ചാമ്മ ബി എസ്സ്സി നേഴ്സിംഗും കഴിഞ്ഞ് കേരളത്തിലെ ഒരു വലിയ ആശുപത്രിയിൽ നേഴ്സിംഗ് അദ്ധ്യാപികയായി ജോലി ചെയ്യുന്ന കാലം. അതും സ്വന്തം വീടിന്റെ വളരെ അടുത്ത്. നടന്നു പോകത്തക്ക ദൂരത്തിൽ. വളരെ കുറച്ചു കാലമേ ആയുള്ളു ജോലി ആയിട്ട്. ആ സമയത്താണ് വിവാഹ ആലോചന. ആ സമയത്ത് ഒരു വിവാഹ ആലോചന അച്ചാമ്മക്ക് തീരെ ഇഷ്ടമായില്ല. ചെറുക്കൻ ഉടനെ അച്ചനാകാൻ പോകുന്ന മിടുക്കനായ ശെമ്മശ്ശൻ. കാണാൻ അത്ര വലിയ സുന്ദരനല്ല. എന്നാലും ആൾ മിടുക്കനാണ്. പഴയ തറവാടാണെങ്കിലും ഇപ്പോൾ സാമ്പത്തികമായി പ്രയാസത്തിലാണ്. അദ്ദേഹം അച്ചനായി കഴിഞ്ഞാൽ എല്ലാവരും കൊച്ചമ്മ എന്നു വിളിക്കും. അച്ചാമ്മക്ക് അത് വലിയ ഒരു കാര്യം തന്നെയാണ്.

എന്നാൽ ചില കരാറുകൾ അച്ചാമ്മ മുൻപോട്ടു വെച്ചു. അതിൽ പ്രധാനമായത്, സ്വന്തമായ് ഒരു വീടുണ്ടാകുന്നതുവരെ അച്ചാമ്മയുടെ ഇപ്പോൾ താമസിക്കുന്ന സ്വന്തം വീട്ടിൽ തന്നെ ആയിരിക്കണം താമസമെന്നതാണ്. അദ്ദേഹത്തിന് അതിന് വിരോധമില്ല; തൊട്ടടുത്ത് ജോലി ആകുമ്പോൾ അത് വളരെ സൗകര്യം കൂടിയാണെന്ന് മനസ്സിലാക്കി.

എന്തായാലും ചെറിയാൻ അച്ചൻ അച്ചനായി ഏതാനം ആഴ്ചകൾ കഴിഞ്ഞപ്പോൾ അച്ചാമ്മക്ക് വിദേശത്ത് പോകാനുള്ള പേപ്പറുകൾ കിട്ടി. അച്ചാമ്മ അച്ചനേയും കൂട്ടി യാത്രയായി.

പ്രഥമരാത്രി കഴിഞ്ഞപ്പോഴേ അച്ചാമ്മക്കദ്ദേഹത്തോട് ഇഷ്ടക്കേടായി. എന്നാൽ വിദേശത്തു പോകുമ്പോൾ എന്തിനും ഏതിനും ഒരു പുരുഷ തുണ നല്ലതാണെന്നു കരുതി അദ്ദേഹത്തെ കൂടെ കൂട്ടിയതാണ്.

അവിടെ ചെന്നപ്പോഴാണ് ആ വലിയ രാജ്യത്തിലെ ചെറിയ ഒരു ഗ്രമാത്തിലേക്കാണ് ജോലി കിട്ടി വന്നതെന്ന് മനസ്സിലാക്കിയത്. ഇനിയും വന്നതിന്റെ ബാക്കി. ആ വലിയ രാജ്യത്തിലെ വലിയ പട്ടണത്തിലെ ഏത് ആശുപത്രികളിലും കിട്ടുന്ന ശമ്പളവും ആനുകൂല്ല്യങ്ങളും കിട്ടും. പട്ടണത്തിലെ വലിയ തിരക്കിൽ നിന്നുമാറി സൌകര്യമായിജീവിക്കാം. പട്ടണത്തിലെ വലിയ ആശുപത്രികളിൽ ജോലി ചെയ്യുന്ന നേഴ്സുമാക്ക് കുഗ്രാമങ്ങളിൽ പോയി ജീവിക്കാൻ പ്രയാസം. അതുകൊണ്ടാണ് കേരളത്തിൽ നിന്ന് നേഴ്സിനെ വരുത്തിയത്. അച്ചാമ്മയെ മാത്രമല്ല പിന്നേയും ചില നേഴ്സുമാരെ കൂടെ കേരളത്തിൽ നിന്ന് ആ ആശപത്രിയിലേക്ക് വരുത്തിയിട്ടുണ്ട്. തന്മൂലം പ്രശ്നമായത് അച്ചനാണ്. അവിടെ അടുത്തെങ്ങും മലയാളികളുടെ ഓത്ത്ഡോക്സ് പള്ളിയില്ല. പിന്നെ വിശുദ്ധ കുബ്ബാന കാണണമെങ്കിൽ തന്നെ മൂന്നു മണിക്കൂർ കാർ ഓടിച്ച് പട്ടണത്തിൽ പോയാലെ സാധിക്കത്തുള്ളു. അവർ താമസിക്കുന്ന ആ ഗ്രാമത്തിൽ ഇപ്പോൾ അച്ചാമ്മയോടൊപ്പം വന്നവർ ഉൾപ്പെടെ വളരെ കുറച്ചു കുടുംബങ്ങളേ ഓത്ത്ഡോക്സ്കാരായി അവിടെ എല്ലാംകൂടെ എട്ട് കുടുംബം. അച്ചന് അവിടെ ജോലി കിട്ടാനായുള്ള വിദ്യാഭ്യാസം ഇല്ല. തന്മൂലം അച്ചന് സ്ഥിരം കുശിനി പണിയായി. അച്ചമ്മയെ കൊച്ചമ്മയെന്നാണ് വീട്ടിലും വെളിയിലും അഭിസംബോധന. വെറുതെ വീട്ടിൽ തിന്നോണ്ട് ഇരിക്കയല്ലെ; വല്ലതും മെയ്യനങ്ങി ജോലി ചെയ്താൽ കയ്യേലെ വളയൊന്നും ഊരിപോകത്തില്ലന്നവൾ പല പ്രാവശ്യം പറഞ്ഞു. അച്ചനറിയാവുന്ന വിധം പാചകങ്ങൾ ചെയ്യും.

നേഴ്സാണെങ്കിലും ആ പണി ചെയ്യാതെ ജീവിതത്തിൽ ആദ്യമായി മെയ്യനങ്ങി പണി ചെയ്തപ്പോൾ അച്ചാമ്മക്ക് പ്രയാസം ഉണ്ടായി. ആ ദേഷ്യം, ജോലിസ്ഥലത്തെ ദേഷ്യം മുഴുവൻ അച്ചാമ്മ വീട്ടിൽ വന്ന് അച്ചനോടാണ് തീക്കുന്നത്.

അവിടെ വന്നയിടയ്ക്ക് ഒരിക്കൽ ഒരു കാർ വാടകയ്ക്കെടുത്താണ് പട്ടണത്തിൽ പോയി ആരാധന കണ്ടത്. ആ ഗ്രാമത്തിൽ ഉള്ള മറ്റ് സഭാ വിശ്വാസികൾക്ക് പള്ളിയും പട്ടക്കാരനും വേണമെന്നില്ല. ചെറിയാനച്ചൻ കൊച്ചച്ചനാണ്. ക്രമങ്ങളെല്ലാം ശരിക്കും അറിയത്തില്ല. അറിയാവുന്നത് വെച്ച് എവിടെയെങ്കിലും തുടച്ച്യായി ചെയ്താൽ വളരെ നല്ലതാണ്. പക്ഷേ, ആരോട് പറയാനാണ്, ആരു കേൾക്കാനാണ്. പട്ടണത്തിലെ പള്ളിയിലെ അച്ചനുമായി തുടരെ ആശയവിനിമയം നടത്തിയപ്പോൾ ഇനിയും അവിടെ ചെല്ലുമ്പോൾ വിശുദ്ധ ബലി അർപ്പിക്കാൻ സമ്മതിച്ചിട്ടുണ്ട്. പക്ഷേ, വിഷയം അച്ചാമ്മയോടെങ്ങിനെ പറയും. എന്തായാലും കുറച്ചു കാലം ജോലി ചെയ്തപ്പോൾ പിശുക്കി ഉണ്ടാക്കിയ പണം കൊടുത്ത് ഒരു പഴയ കാർ വാങ്ങിച്ചു. വണ്ടി കൂദാശ ചെയ്യണമെന്ന് കാര്യം വെച്ച് പട്ടണത്തിലെ പള്ളിയിലേക്ക് പോകാൻ അച്ചാമ്മ സമ്മതിച്ചു.

ചെറിയാനച്ചൻ ശരിക്കും കരഞ്ഞ് നിലവിളിച്ചുകൊണ്ടുള്ള ആ ആരാധന ആ പള്ളിയിലെ എല്ലാവക്കും വളരെ ഇഷ്ടപ്പെട്ടു. ഈ ഗതികേട് എനിക്ക് തമ്പുരാനേ എന്തിന് നൽകി എന്ന് അദ്ദേഹം ഹൃദയം നുറുങ്ങി നിലവിളിച്ച് പ്രാത്ഥിച്ചു. കൂടാതെ അദ്ദേഹത്തിന്റെ വചന ശുശ്രൂഷയും ജനങ്ങൾക്കെല്ലാം വളരെ ഇഷ്ടപ്പെട്ടു. തന്മൂലം പള്ളിക്കാർ കൊച്ചച്ചന് കൈമുത്തും കൊടുത്ത് യാത്രയാക്കി. കിട്ടിയ പണം അദ്ദേഹം അതുപോലെ പള്ളിക്ക് നേച്ച്യായി മടക്കി കൊടുത്തു. കൈമുത്ത് കിട്ടിയതും അത് മടക്കി നേച്ച്യിട്ട വിവരവും ഒന്നും അദ്ദേഹം അച്ചാമ്മയെ അറിയിച്ചില്ല. അവരുടെ വണ്ടിയും കൂദാശ ചെയ്ത് മടങ്ങി.

ചെറിയാനച്ചൻ ആ ഗ്രാമത്തിൽ അന്വേഷിച്ച് ഒരു ചെറിയ ഹാൾ കണ്ടുപിടിച്ചു. പട്ടണത്തിലെ പള്ളിയിലെ ആൾക്കാർ എല്ലാം അച്ചാമ്മയെ കൊച്ചമ്മയെന്നു വിളിച്ചത് വലിയ ഇഷ്ടമായി. തന്മൂലം ആ ഗ്രാമത്തിൽ ആരാധന നടത്താൻ അച്ചൻ പരിശ്രമിച്ചപ്പോൾ അവരും കൂടെ സഹായിക്കാനൊരുങ്ങി. അങ്ങിനെ ആഴ്ചയിലൊരിക്കലെങ്കിലും ആൾക്കാരുടെ കൊച്ചമ്മ വിളി കേൾക്കാമല്ലൊ എന്നാശ്വസിച്ചു. പുത്തനായി അവിടെ വന്നവക്കും നേരത്തെ അവിടെ ഉണ്ടായിരുന്നവക്കുമൊന്നും സത്യത്തിൽ ഞായറാഴ്ച പള്ളിയിൽ പോകുന്നതിനോ ആരാധന കാണുന്നതിനോ ഒന്നും വല്ല്യ താല്പമില്ലായിരുന്നു. പിന്നെ അച്ചാമ്മകൊച്ചമ്മ നിബ്ന്ധിച്ചപ്പോൾ പെണ്ണുങ്ങൾ അവരുടെ ആണുങ്ങളെനിബ്ന്ധമായും വിളിച്ചുകൊണ്ട് പള്ളിയിൽ പോകാൻ തുടങ്ങി. പള്ളിയിൽ വന്ന എല്ലാവരും കൊച്ചമ്മായെന്നു വിളിക്കാൻ തുടങ്ങിയപ്പോൾ അവക്ക് ഉത്സാഹം വദ്ധിച്ചു. ചെറിയാനച്ചനും ജനങ്ങളുടെ മദ്ധ്യേ കൊച്ചമ്മേയെന്ന് വിളിക്കുന്നതു കേട്ടപ്പോൾ അവൾക്ക് വളരെയധികം സന്തോഷമായി. അങ്ങിനെ അച്ചാമ്മകൊച്ചമ്മ അവിടെ പരിലസിച്ചു.